9. കുട്ടി ആനകളെ (1.5 മീറ്ററിൽ താഴെ പൊക്കമുള്ളവ) ആഘോഷങ്ങളിൽ പങ്കെടുപ്പിക്കാൻ പാടില്ല.

10. ആനകൾ നിൽക്കുന്ന സ്ഥലത്തിനടുത്ത് പടക്കം പൊട്ടിക്കാൻ പാടില്ല.

11. ആനകളെ എഴുന്നള്ളിക്കുന്നതിന് കഴിവതും കാലത്തും വൈകിട്ടും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

12. ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് മുമ്പ് 12 മണിക്കൂർ സമയം വിശ്രമം ആനകൾക്ക് നൽകിയിരിക്കണം.

(ബി) ആനകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പുറപ്പെടുവിച്ച ചട്ടങ്ങൾ നടപ്പാക്കിവരുന്നു. പാപ്പാന്മാർക്ക് പരിശീലനം, ഇൻഷ്വറൻസ് എന്നിവയും നടപ്പിലാക്കിവരുന്നു.

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻ ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ

83 (2561) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണവകുപ്പിലെ വെറ്ററിനറി സർജൻ ഗ്രേഡ്-2 തസ്തികയിൽ ഇപ്പോൾ മൊത്തം എത്ര ഒഴിവുകളുണ്ട് ; ജില്ല തിരിച്ചുള്ള വിവരം നല്കുമോ ;

(ബി) നിലവിലെ ഒഴിവുകളിൽ സംവരണവിഭാഗങ്ങൾക്കായുള്ള തസ്തികകളെ സംബന്ധിച്ച വിശദവിവരം നല്കുമോ ;

(സി) ഇപ്പോൾ താത്ക്കാലികാടിസ്ഥാനത്തിൽ എത്ര ഒഴിവുകളിൽ ആളെ നിയമിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ ;

(ഡി) 2010-ൽ സർക്കാർ നല്കിയ നിർദ്ദേശപ്രകാരം സൃഷ്ടിക്കാനുള്ള സൂപ്പർ ന്യൂമററി തസ്തികകൾ എത്രയെണ്ണമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംവരണസമുദായങ്ങൾക്കുള്ള ഒഴിവുകളും സൂപ്പർ ന്യൂമററി ഉൾപ്പെടെ മറ്റെല്ലാ ഒഴിവുകളും നിലവിലെ ലിസ്റ്റിൽനിന്നും നിയമിക്കുന്നതിനുവേണ്ടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വെറ്ററിനറി സർജന്മാരുടെ 93 ഒഴിവുകൾ നിലവിലുണ്ട്.

പത്തനംതിട്ട	1
ഇടുക്കി	10
കോട്ടയം	4
എറണാകുളം	2

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ	2
പാലക്കാട്	9
മലപ്പുറം	16
കോഴിക്കോട്	9
വയനാട്	5
കണ്ണൂർ	20
കാസർഗോഡ്	15

(ബി) നിലവിലെ ഒഴിവുകളിൽ 53 എണ്ണം സംവരണ തസ്തികകളാണ്. ആയതിന്റെ വിശദവിവരം താഴെ പറയും വിധമാണ് :

ST-25, SC-6, M-9, LC-9, PH-2, V-1, OX-1

(സി) ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ 9 വെറ്ററിനറി സർജന്മാർ ജോലി നോക്കിവരുന്നു.

ഇടുക്കി	2
പാലക്കാട്	1
മലപ്പുറം	2
കണ്ണൂർ	3
കാസർഗോഡ്	1

(ഡി) 2010-ൽ സർക്കാർ നൽകിയ നിർദ്ദേശ പ്രകാരം 21 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുത്തരവായി.

(ഇ) 21 സൂപ്പർ ന്യൂമററി ഒഴിവുകളും 53 സംവരണ വിഭാഗത്തിലെ ഒഴിവുകളും 10 ജനറൽ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മുല്ലശ്ശേരിയിലെ മൃഗാശുപത്രി വെറ്ററിനറി പോളിക്ലിനിക് ആക്കുന്ന നടപടി

84 (2562) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽ എത്ര മൃഗാശുപത്രികളാണ് പ്രവർത്തിക്കുന്നത് ;

(ബി) മുല്ലശ്ശേരിയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി വെറ്ററിനറി പോളിക്ലിനിക് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly